# File No.LSGD-FM2/45/2021-LSGD

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ പുസ്തക മേളയും സെമിനാറും പഠന ക്യാമ്പും നടത്തുന്നതിനായി പത്തനംതിട്ട ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

സ.ഉ.(സാധാ) നം.360/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 10/02/2021

---

പരാമർശം:- ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതി കോ-ഓർഡിനേറ്റർ സമർപ്പിച്ച 18/01/2020 ലെ അപേക്ഷ

<u>ഉത്തരവ്</u>

പത്തനംതിട്ട കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പുസ്തക മേളയും സെമിനാറും പഠന ക്യാമ്പും നടത്തുന്നുണ്ടെന്നും ഇതിനായി അഞ്ചു ലക്ഷത്തിലേറെ രൂപ ചിലവുവരുമെന്നും പരിപാടിയുടെ വിജയത്തിനായി പത്തനംതിട്ട ജില്ലയിലെ ത്രിതല പഞ്ചായത്തുകളായ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഒരു ലക്ഷം രൂപയും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അമ്പതിനായിരം രൂപയും കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഇരുപത്തയ്യായിരം രൂപയും, മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും പതിനയ്യായിരം രൂപയും , കന്നന്താനം , കല്ലൂപ്പാറ , പുറമറ്റം , ആനിക്കാട് , കോട്ടാങ്ങൽ , എഴുമറ്റൂർ , കൊറ്റനാട് , കവിയൂർ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പതിനായിരം രൂപ വീതവും അനുവദിക്കുന്ന ഉത്തരവുണ്ടാകണമെന്നാണ് ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതി കോ-ഓർഡിനേറ്റർ അപേക്ഷിച്ചിരിക്കുന്നത്.ടി അപേക്ഷ റാന്നി എം ൽ എ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു. .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പുസ്തക മേളയും സെമിനാറും പഠന ക്യാമ്പും നടത്തുന്നതിനായി പത്തനംതിട്ട ജില്ലയിലെ ത്രിതല പഞ്ചായത്തുകളായ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഒരു ലക്ഷം രൂപയും , മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അമ്പതിനായിരം രൂപയും , കന്നന്താനം , കല്ലൂപ്പാറ , പുറമറ്റം , ആനിക്കാട് , കോട്ടാങ്ങൽ , എഴുമറ്റൂർ , കൊറ്റനാട് , കവിയൂർ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പതിനായിരം രൂപ വീതവും അതാത് തദ്ദേശ സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ നിന്നും പഞ്ചായത്തു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ , തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തുകൾ(ഗ്രാമ വികസന കമ്മീഷണർ ,തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ